കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.6/1566/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698
തീയ്യതി : 01.11.2019

ഡെപ്യൂട്ടി ഡയരക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്പിലോട് ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-15, 1-17, 1-20, 1-21, 1-25 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ

വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ്- (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23; 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഏയിംസിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ(ഇ-മെയിൽ വഴി)
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ./സി.6/1566/2019 തീയ്യതി 01.11.2019

# കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 22.10.18 മുതൽ17-9-19തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ശശികുമാർ . എം . പി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.19മുതൽ 03.10.19 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ;

| | |
|---|---|
| ശ്രീ.പ്രമോദ്.കെ.വി. | ഓഡിറ്റ് ഓഫീസർ. |
| ശ്രീമതി.ഗിരിജ കല്ല്യാടൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിജോഷ്.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ടി.വി.ലക്ഷ്മി. | 01-04-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.അനിൽകുമാർ.പി.<br>ശ്രീമതി.ഷീജാമണി.കെ | 01-04-2018 മുതൽ 04-12-2018 വരെ<br>05-12-2018മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ലക്ഷ്മി.ആർ.നാഥ് | 01-04-2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷൈനി.കെ | 01-04-2018 മുതൽ 31-3-2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.രാധാകൃഷ്ണൻ.യു | 01-04-2018മുതൽ23-11-2018വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.രശ്മി പനോളി | 24-11-2018 മുതൽ 01-03-2019 വരെ |
| | ശ്രീ.സുനിൽകുമാർ.പി. | 02-03-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.സോന.ബി.നായർ | 01-04-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.ദീപാരാജ്.വി.ടി. | 01-04-2018 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബിൻറി ലക്ഷ്മൺ | 01-04-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രാജശ്രീ.സി.ടി. | 01-04-2018മുതൽ21-4-2018 വരെ |
| | ഷീബ.സി.കെ | 22-4-2018മുതൽ26-11-2018വരെ)<br>(27.11.18 മുതൽ 14.12.18 വരെ ഒഴിവ്) |
| | ശ്രീലത.സി.കെ | 15-12-2018മുതൽ31-03-2019വരെ |
| ഹെഡ് മാസ്ററർ | ശ്രീമതി.റുക്സാന.എം.പി. | 01-04-2018മുതൽ<br>03-6-2018വരെ |
| | ശ്രീമതി.നിർമ്മല മനോളി | 04-06-2018മുതൽ 31-03-2019വരെ |
| വി.ഇ.ഒ(ചെമ്പിലോട്) | ശ്രീ.റെജി ളുണോളി | 01-04-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ(ഇരിവേരി) | ശ്രീ.മുഹമ്മദ് സാജിദ്.ടി.കെ | 01-04-2019 മുതൽ 23-01-2019വരെ |
| | ശ്രീ.റെജി ളുണോളി | 24-01-2019 മുതൽ 01-03-2019വരെ |
| | ശ്രീ.ആൻറണി. | 02-3-2019 മുതൽ 31-3-2019വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജററ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല | 1-12 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | ഇ - ടെണ്ടർ:- ടെണ്ടർ ഫീസ് തിരികെ ലഭ്യമായില്ല | 1-15 |
| 16 | തെരുവുവിളക്ക് - പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകൾക്ക് വൈദ്യുതിചാർജ്ജ് ഒടുക്കുന്നു - പ്രതിവർഷം 72,408 രൂപയുടെ അധികച്ചെലവ് | 1-16 |
| 17 | മരാമത്ത് പ്രവൃത്തികൾ - അപാകങ്ങൾ | 1-17 |
| 18 | സമഗ്ര ബാലസഭാ വികസനം പദ്ധതി – അപാകങ്ങൾ | 1-18 |
| 19 | സാന്ത്വന പരിചരണ പദ്ധതി - ഉപകരണങ്ങൾ ലഭ്യമായില്ല- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | യോഗ പരിശീലനം- സർക്കാർ ഉത്തരവിന് വിരുദ്ധമായി സർക്കാർ ഫണ്ട് ചെലവഴിച്ചത്-14375 രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| | | |

| | | |
|---|---|---|
| 21 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ – 5513 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ ബാക്കി:- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-21 |
| 22 | ദുരിതാശ്വാസനിധി | 1-22 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-23 |
| 24 | ഹെൽപ് ഡെസ്ക്- പ്രവർത്തനം മാതൃകാപരം | 1-24 |
| 25 | നിക്ഷേപ പ്രവൃത്തി – വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയില്ല – 30054/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | ഇല്ല |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | ഇല്ല |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | റസീറ്റ് & പെയ്മെന്റ്സ്റ്റേറ്റ്മെന്റ്സ്, | അനുബന്ധം2-1 |
| | | |

| | | |
|---|---|---|
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്സ്, | അനുബന്ധം-2-2 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജററ്

26-3-2018-ലെ 108/18 നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20-02-2019-ലെ 43(1)/19 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.7.2019 | 5.6.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,04,42,522.95 |
| വരവ് | 8,55,11,402 |
| ആകെ | 9,59,53,924.95 |
| ചെലവ് | 6,94,25,381 |
| നീക്കിയിരിപ്പ് | 26528543 .95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | | 0 | 20795159 | 20795159 | 20683620 | 111539 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 1229000 | 1229000 | 1194000 | 35000 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | 0 | 115000 | 115000 | 115000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 10559000 | 10559000 | 6269918 | 4289082 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3922000 | 3922000 | 2241160 | 1680840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7694000 | 7694000 | 3940781 | 3753219 |
| ദുരിതാശ്വാസനിധി | | 37080 | 21319 | 58399 | 9000 | 49399 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | ഭരണപരമായ ചെലവ് | 1858.24 | 487827.07 | 489685.31 | 486000 | 3685.31 |
| | തൊഴിലാളികളുടെ കൂലി | 0 | 12307341 | 12307341 | 12307341 | 0 |
| <u>കേന്ദ്രാവിഷ്കൃതഫണ്ടുകൾ:</u> | | | | | | |
| 1) ഐ.സി.ഡി.എസ്. | | 85316 | 1087968 | 1173284 | 698184 | 475100 |
| 2)ടി.എസ്.സി | | 2167555 | 280894 | 2448449 | 1481158 | 967291 |
| 3)എം.പി ഫണ്ട് | | 5004 | 287380 | 292384 | 285995 | 6389 |
| <u>സംസ്ഥാനാവിഷ്കൃതഫണ്ടുകൾ</u>; 1)വിമുക്തി | | 0 | 25000 | 25000 | 0 | 25000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 50000 | 3802256 | 3852256 | 3687476 | 164780 |
| | ജില്ലാ പഞ്ചായത്ത് | 680086 | 1568510 | 2248596 | 1815495 | 433101 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 418440 | 418440 | 418440 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | (3088711) | 24342668 | 21253957 | 19738996 | 1514961 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11324588.95 | 14732046 | 26056634.95 | 5094844 | 20961790.95 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 67799273 | 124 | 53257202 | 13 | 13 | 81.02 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1858.24 | 487827.07 | 489685.31 | 486000 | 3685.31 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12307341 | 12307341 | 12307341 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58440 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 6826500 | 532 |
| വിധവാപെൻഷൻ | 15763800 | 1275 |
| വാർദ്ധക്യകാലപെൻഷൻ | 31051300 | 2461 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 4477800 | 359 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3037000 | 259 |

ജി.ഒ(പി) നം.105/30/2002/തസ്വഭവ തീയതി 25.06.2002) പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം സാമൂഹ്യസുരക്ഷാപെൻഷനുകൾക്കായി ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ | അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് | അന്വേഷണത്തിന് നൽകിയ തീയതി | അന്വേഷണത്തിന് ശേഷം തിരികെ ലഭിച്ചത് | സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം/തീയതി | ഭരണസമിതി തീരുമാനം നം/തീയതി |
|---|---|---|---|---|---|---|
| വിധവാ പെൻഷൻ | 24.4.18 | രഞ്ജിനി കെ | 18.5.18 | 14.6.18 | 75/18,3.8.18 | 291/18,4.8.18 |
| വിധവാ പെൻഷൻ | 17.4.18 | സഫീറ വി.കെ | 18.5.18 | 14.6.18 | 76/18,3.8.18 | 291/18,4.8.18 |
| അവിവാഹിതാ പെൻഷൻ | 20.4.18 | രേണുക കെ. കെ | 2.5.18 | 20.5.18 | 55/18,26.6.18 | 237/28.06.18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-9-2019ന് വൈകുന്നേരം 3.20ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 36,366/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജീവനക്കാരുടെ പ്രതിമാസയോഗം ചേർന്ന് നികുതിപിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രദാനം ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും അപേക്ഷകൾ തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ ഒരു ഹെൽപ് ഡെസ്ക് സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സംബന്ധമായ വിവരങ്ങൾ മൊബൈൽ ഫോൺ മുഖേന പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ഒരു കേന്ദ്രീകൃത സന്ദേശ കൈമാറ്റ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ വിശദമായ രീതിയിൽ പുറപ്പെടുവിച്ച് ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതിപിരിവ് പുരോഗതിയും ഫ്രണ്ട് ഓഫീസ് പ്രവർത്തനവും വിലയിരുത്തുന്നുണ്ട്. വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-8-2019 ,22-8-2019 | 2019 ജൂലൈ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-01-2011 മുതൽ 15-01-2011 വരെ | 2005-06 മുതൽ 2009-10 വരെ | 14-02-2011 |

## 1-11 വാർഷികകണക്കുകളിലെ അപാകങ്ങൾ

1)ദരിതാശ്വാസനിധി-മന്നിരിപ് വരവ്-ചെലവ് നീക്കിയിരിപ് കണക്കുകൾ തമ്മിൽ

1)[illegible]-മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2)മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി- മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

3)വസ്തുനികുതി-സഞ്ചയ സോഫ്ററ് വെയറിലെ കണക്കുമായി പൊരുത്തമില്ല. അക്കൗണ്ടിലെ തൻവർഷ ഡിമാൻറ്, പിരിച്ചെടുത്തത്, പിരിച്ചെടുക്കുവാൻ ബാക്കി ഇവ തമ്മിൽ പൊരുത്തമില്ല. കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (notes on accounts) തയ്യാറാക്കിയിട്ടില്ല.

4)മുൻകൂർ-എല്ലാ ഇനങ്ങളും മുൻകൂർ രജിസ്ററിൽ ചേർത്തിട്ടില്ല. മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി-മുൻകൂർതുക അക്കൗണ്ടുമായി പൊരുത്തമില്ല.

<u>ഓഡിററ് വേളയിൽ കണ്ടെത്തിയ അപാകം</u> ;

1)സുലേഖ പ്രകാരമുള്ള ചെലവുസ്റ്റേറ്റുമെൻറിൽ, വി.ഇ.ഒ.നിർവ്വഹണം രേഖപ്പെടുത്തിയ ബയോഗ്യാസ് പ്ളാൻറ് (പ്രോജക്ട്-163/19) എന്ന പ്രൊജക്ടിന് 6,95,000/രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. (ഗുണഭോക്തൃവിഹിതം-6,82,500+തനത്ഫണ്ട്-12,500) യഥാർത്ഥത്തിൽ 2018-19 വർഷം ഈയിനത്തിൽ ചെലവ് നടന്നിട്ടില്ല. മേൽ തുകകൾ ഇപ്പോഴും പഞ്ചായത്തിന്റെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വാർഷികധനകാര്യപത്രികയിൽ ബി-4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതമായി ഈ തുക കാണിച്ചിട്ടില്ല.

# 1-12 ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ അവ ലഭിച്ച് 30 ദിവസത്തിനകം സെക്രട്ടറി തീർപ്പുകൽപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം ലഭിച്ച ഏതാനും അപേക്ഷകളിൽ ഇപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| അപേക്ഷ സ്വീകരിച്ച തീയതി | ഉടമസ്ഥന്റെ പേര് | ഒക്കുപ്പൻസി | പെർമിറ്റ് നമ്പർ/തീയതി |
|---|---|---|---|
| 21.11.2018 | വീനീശൻ | വാണിജ്യം | 7692/19.01.2019 |
| 22.11.2018 | ശ്രീജിത്ത് | പാർപ്പിടം | 7715/18.01.2019 |
| 26.11.2018 | ഹനീഫ | പാർപ്പിടം | 7759/10.04.2019 |
| | | | |

| | | | |
|---|---|---|---|
| 01.12.2018 | റുഖിയ | പാർപ്പിടം | 7891/15.03.2019 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/29.09.2019) മറുപടിയായി ഇരിവേരി ചെമ്പിലോട് വില്ലേജുകളിലെ അന്വേഷണത്തിനായി രണ്ട് ഓവർസിയർമാർ ഉണ്ടായിരുന്നെന്നും അതിലൊരാൾ സ്ഥലം മാറിപ്പോയ ഒഴിവിലേക്ക് പകരം ആൾ വരാൻ കാലതാമസമുണ്ടായെന്നും ഒരു ഓവർസിയർ മാത്രം ഉണ്ടായിരുന്നതിനാലാണ് അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും നിലവിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതാണ്.

# 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽക്കരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 3325 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 2880 |
| വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ളകെട്ടിടങ്ങൾ | 119 |
| വാണിജ്യാവശ്യത്തിനുള്ള 200ച.മീറ്ററിന് മുകളിലുള്ളഷോപ്പിംഗ് മാളുകൾ | 11 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 9 |
| | |

| | |
|---|---|
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 40 |
| ഓഫീസ്ആവശ്യത്തിനുള്ളവ (വ്യവസായ ശാലകൾക്കുള്ള ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 31 |
| ആശുപത്രികൾ | 2 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറിഷെഡ്, കയർപിരി ഷെഡ് | 222 |
| ഇതരവ്യവസായ ആവശ്യത്തിനുള്ളവ | 11 |
| ആകെ | 3325 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 3325 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ 859 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. 25.9.2018 തീയതിയിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം നമ്പർ 2 ൽ പഞ്ചായത്തിൽ 358 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഇതിനാൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ,കലയിലോ,ജോലിയിലോ,ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ

പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽകരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽനികുതിയും പ്രതിപാദിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയകേന്ദ്രങ്ങൾ എന്നിവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയായി ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിൽകരം ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്തി അവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ - ടെണ്ടർ:- ടെണ്ടർ ഫീസ് തിരികെ ലഭ്യമായില്ല

ഗ്രാമപഞ്ചായത്ത് ഇ -ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഈ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | വർഷം | തുക |
|---|---|---|
| 1 | 2015-16 | 46,960 |
| 2 | 2016-17 | 47,110 |
| 3 | 2017-18 | 87,460 |
| 4 | 2018-19 | 37,781 |
| | ആകെ | 2,19,311 |

## 1-16 തെരുവുവിളക്ക് - പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകൾക്ക് വൈദ്യുതിചാർജ് ഒടുക്കുന്നു - പ്രതിവർഷം 72,408 രൂപയുടെ അധിക ചെലവ്

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഒടുക്കിവരുന്ന തുകയിൽ 24 ഓർഡിനറി ബൾബുകളുടെയും 10 സോഡിയം വേപ്പർ ലാമ്പുകളുടെയും ചാർജായ

6034/- രൂപ ഉൾപ്പെടുന്നുണ്ട്. എന്നാൽ 2016-17 ൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനാ റിപ്പോർട്ട് പ്രകാരം മേൽപറഞ്ഞ തരത്തിലുള്ള വിളക്കുകൾ ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലില്ല. സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 773 സി.എഫ്.എൽ.(2x11) 40 സി.എഫ്.എൽ. (1x11), 65 ട്യൂബ് (2x40), 655 ട്യൂബ് (1x40) എന്നിങ്ങനെയാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. സംയുക്തപരിശോധനയിൽ നിലവിലില്ലെന്ന് കണ്ടെത്തിയ വിളക്കുകളുടെ വൈദ്യുതിചാർജിന്റെ കാര്യത്തിൽ തുടർനടപടി സ്വീകരിക്കാതെ ഇത്രയും കാലം പ്രതിമാസം വൈദ്യുതിചാർജ് ഒടുക്കിവരുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുള്ള വീഴ്ചയാണ്.ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതും അധികം നൽകിയ തുക തിട്ടപ്പെടുത്തി തിരികെ ഈടാക്കേണ്ടതുമാണ്.

# 1-17 മരാമത്ത് പ്രവൃത്തികൾ - അപാകങ്ങൾ

താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ കരാറുകാർക്ക് തുക നൽകുമ്പോൾ ഭരണാനുമതിത്തുകയിൽ പരിമിതപ്പെടുത്തുന്നതിന് മുമ്പുതന്നെ കാലി ബാരൽ വില കുറവ് ചെയ്യാതിനാൽ അധിക ചെലവ് വന്നിട്ടുണ്ട്.

| ക്ര ന. | പ്രവൃത്തിയുടെ പേര് | ഭരണാനുമതിത്തുക | കാലി ബാരൽ വില | ബിൽ നമ്പർ |
|---|---|---|---|---|
| 1 | 159/19 അരയാക്കണ്ടി കക്കോത്ത് റോഡ് റീടാറിംഗ് | 2,25,000 (MG-R) | 2,856 | 40/18-19/ 22.03.2019 |
| 2 | 59/19 രാഘവൻപീടിക ആക്കപ്പുറത്ത് കുന്നുമ്പ്രം റോഡ് ടാറിംഗ് | 6,25,819 | 3,224 | 38/18-19/ 15.03.2019 |
| 3 | 76/19 കുമാരൻ മാസ്റ്റർ പീടിക റോഡ് ടാറിംഗ് | 5,17,507 (MG-R) | 2,380 | 39/18-19/ 13.03.2019 |
| 4 | 70/19 തന്നട ഈസ്റ്റ് എൽ. പി. സ്കൂൾ റോഡ് ടാറിംഗ് | 5,85,677 (MG-R) | 2,856 | 37/18-19/ 15.03.2019 |
| | ആകെ | | 11,316 | |

ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കൂടിയ തുകയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കരാറുകാർക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനാണ് ഈ രീതിയിൽ ബാരൽ വില ഈടാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടുകൾ പുതുക്കി

തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നത് അപാകതയാണ്. വീഴ്ച ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-18 സമഗ്ര ബാലസഭാവികസനം പദ്ധതിഃ- അപാകങ്ങൾ

പ്രോജക്ട് നം. 98/18-19

പ്രോജക്ടിന്റെ പേര് : സമഗ്ര ബാലസഭാ വികസനം

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, GHSS , ചാല

വകയിരുത്തിയ തുക : 75000(തനതു ഫണ്ട്);ചെലവഴിച്ച തുക : 75000

ചെക്ക് നം. 00986 തീയതി: 21.3.2019

ഒൻപതു മുതൽ പതിനാറു വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ കായിക രംഗത്തെ ഉന്നമനം ലക്ഷ്യമിട്ട് ബാലസഭാ അംഗങ്ങൾക്ക് ഫുട്ബാൾ, വോളിബോൾ, കരാട്ടേ (പെൺകുട്ടികൾ) എന്നിവയിൽ പരിശീലനം, കലാട്ടപ്പ് രൂപീകരണം, പരിശീലനം, പഠനയാത്ര എന്നിവയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്

1.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000 രൂപയും പഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് 40000 രൂപയിൽ അധികമാകാതെയും ചെലവഴിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ 75000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2.ഫുട്ബോൾ, വോളിബോൾ, കരാട്ടേ എന്നിവയിൽ പരിശീലനം നൽകിയവരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇക്കാര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (15 /1.10.2019) ത്തിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

# 1-19 സാന്ത്വന പരിചരണ പദ്ധതി - ഉപകരണങ്ങൾ ലഭ്യമായില്ലഃ- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് - 46/19 സാന്ത്വന പരിചരണ പദ്ധതി

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

ചെലവ് - 81,992/- (ബ്ളോക്ക്പഞ്ചായത്ത് വിഹിതം)

ചെക്ക് നം - 7811219/26.03.2019

പദ്ധതി പ്രകാരമുള്ള സഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് 81,992/- രൂപ (ഹാന്റ് ലിംഗ് ചാർജ്ജ് 5% തുകയടക്കം) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയിസ് നം. 3288/16.12.2018).

| |
|---|
| വീൽ ചെയർ - 8 |
| വാക്കർ - 6 |
| ഊന്നുവടി - 8 |
| വീൽചെയർ - 4 |
| എയർബെഡ് - 4 |

പെയിൻ & പാലിയേറ്റീവ് രോഗികൾക്ക് അവശ്യം വേണ്ടുന്നതായ പ്രസ്തുത ഉപകരണങ്ങൾ തുക നൽകി ആറുമാസം പിന്നിട്ടിട്ടും ആയത് ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 യോഗപരിശീലനം- സർക്കാർ ഉത്തരവിന് വിരുദ്ധമായി സർക്കാർ ഫണ്ട് ചെലവഴിച്ചത്-14375 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -87/19 – വയോജനങ്ങൾക്ക് യോഗപരിശീലനം

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (ആയുർവേദം)

അടങ്കൽ- വികസനഫണ്ട്- ₹20000--തനത് ഫണ്ട് - ₹20000

ആകെ - ₹40000

ചെലവ്- വികസനഫണ്ട്- ₹20000 (ബിൽ നം.8/21-3-19-5,625രൂപ; ബിൽ നം.10/21-3-19-14375/-രൂപ) തനത് ഫണ്ട് - ₹6375 ആകെ - ₹26375

വയോജനങ്ങൾക്ക് ഒരു മാസത്തെ യോഗ പരിശീലനവുമായി ബന്ധപ്പെട്ട് 25 വയോജനങ്ങൾക്ക് ഒന്നിന് ₹575 പ്രകാരം 14375 രൂപ ചെലവഴിച്ച് യോഗ മാററ് വാങ്ങി നൽകിയിട്ടുണ്ട് (സ്പോർട്സ് ക്യാംപസ്,കണ്ണൂർ-ഇൻവോയ്സ്-L10466/18-3-19).

വികസനഫണ്ടിൽ നിന്നും ഈ ഇനത്തിൽ ചെലവഴിക്കുവാൻ സബ്സിഡി മാർഗരേഖയിലോ, പദ്ധതി നിർവ്വഹണ ഉത്തരവിലോ വ്യവസ്ഥ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 14375 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (2/25-9-19) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

# 1-21 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ - 5513 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ ബാക്കി:- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ -41/19 -ആയുർവ്വേദാശുപത്രിക്ക് മരുന്ന്

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (ആയുർവേദം)

ചെലവ്- ₹700000 മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-ബിൽ നമ്പർ 2/24-9-18

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ ബിൽ പ്രകാരം ₹700000 ഔഷധിക്ക് നൽകിയിട്ടുണ്ട്. നാളിതുവരെയായി 694487/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 5513/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-22 ദുരിതാശ്വാസനിധി

പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയിൽ നിലവിൽ 49,399/- രൂപ നീക്കിയിരിപ്പുണ്ട്. 2018-19 വർഷം 9,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി

ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 19 വാർഡുകളിലായി 2599 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 101 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടികവർഗ്ഗ കുടുംബവും ഉൾപ്പെടുന്നു. 2018-19 വർഷം 77 പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ പൂർത്തീകരിച്ചത്. ആകെ 36,403 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 2018-19-ൽ 231 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്. പദ്ധതിയുടെ 2018-19 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വരവ് | |

| | |
|---|---|
| മുൻബാക്കി | 1,858.24 |
| വരവ് | 1,27,95,168.07 |
| ആകെ വരവ് | 1,27,97,026.31 |
| ചെലവ് | 1,27,93,341.00 |
| നീക്കിയിരിപ്പ് | 3,685.31 |

## 1-24 ഹെൽപ്ഡെസ്ക്-പ്രവർത്തനം മാതൃകാപരം

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്ക് അപേക്ഷകൾ തയ്യാറാക്കുന്നതിനും മറ്റു നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും ഓഫീസിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുന്നു എന്നുറപ്പുവരുത്തുന്നതിനുമായി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സജ്ജീകരിച്ചിട്ടുള്ള ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം മാതൃകാപരവും സാധാരണക്കാർക്ക് പ്രയോജനപ്രദവുമാണ്. ഓരോ ദിവസവും രണ്ടുവീതം ജനപ്രതിനിധികളെ മുൻകൂട്ടി ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രവൃത്തി സമയങ്ങളിൽ മുഴുവനായും ഈ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇത് പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം ഒരു പരിധിവരെ ലഘൂകരിക്കുന്നതിനും സഹായകമാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ കുറിച്ചും വിവിധ സ്കീമുകളെകുറിച്ചും മറ്റും പൊതുജനങ്ങൾക്ക് അതത് സമയം വിവരങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്താവുന്നതാണ്.

## 1-25 നിക്ഷേപ പ്രവൃത്തി:- വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയില്ല - 30054/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.പ്രവൃത്തി പൂർത്തിയായതിന് ശേഷവും കേരള വാട്ടർ അതോറിററിയിൽ അവശേഷിക്കുന്ന 30,054/-രൂപ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭിച്ചിട്ടില്ല.പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സെന്റേജ് ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 25,556/- രൂപയിൽ എസ്റ്റിമേറ്റ് പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5 ശതമാനം ചാർജ് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും തിരികെ ഈടാക്കേണ്ടതാണ്.(സ.ഉ (സാ ധാ)1069/2018/ത.സ്വ.ഭ.വ തീയതി 16-04-2018)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിററി | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | ബിൽ -10/08-10-2018 | 2,30,000 | 1,99,946 | 30,054/ |

പ്രവൃത്തി പൂർത്തിയായതിന് ശേഷവും തുക തിരികെ ഈടാക്കാത്തതിനാൽ 30,054/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ബാക്കി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 15-7-2019 മുതൽ 17-7-2019 വരെ | കെ.എസ്.എ/ കെ.എൻ.ആർ-സി 6/1330/19 തീയതി:20-8-19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, എടക്കാട് | 2018-19 | 2694756 | ലൈഫ് ഭവനപദ്ധതി | 2694756 | 0 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 200000 | ഫർണിച്ചർ - | 185220 | 14780 |

| | | | | | |
|---|---|---|---|---|---|
| | | | അങ്കണവാടികൾക്ക് | | |
| | | 200000 | പാലിയേററിവ് കെയർ | 200000 | 0 |
| | | 365000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 365000 | 0 |
| | | 42500 | സമഗ്രപച്ചക്കറി കൃഷി | 42500 | 0 |
| | | 100000 | സുജലം പദ്ധതി | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 701510 | ലൈഫ് ഭവനപദ്ധതി | 381875 | 319635 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 200000 | പാലിയേററീവ് കെയർ | 119177 | 80823 |
| | | 365000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 365000 | 0 |
| | | 102000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 102000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിററി | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | ബിൽ -10/08-10-2018 | 2,30,000 | 1,99,946 | 30,054/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,000 |
| തൻവർഷം നിക്ഷേപിച്ച തുക | 5,00000 |
| ആകെ | 5,30,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,30,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ല കോ-ഓപ് ഹോസ്പിററൽ സൊസൈററി ലിമിററഡ് | 16-10-1990 | ഷെയർ | 10,000 | 50/06-8-15 |
| 2 | മലബാർ ടൂറിസം ഡെവ.കോർപ്പറേഷൻ | 27-9-2004 | ഷെയർ | 20,000 | 185/27-09-04 |
| 3 | എസ്.ബി.ഐ,ചക്കരക്കൽ | 30-3-2019 | 30-3-2020 | 5,00000/- | 6.8%പലിശ |
| | ആകെ | | | 5,30,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ്നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,55,11,402 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,94,25,381 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | 44,429 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം-ഇല്ല

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 14,375 | ഡോ.ദീപാരാജ്.വി.ടി,മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| 1-25 | 30,054 | ശ്രീ. അനിൽകുമാർ പി. (സെക്രട്ടറി) |
| ആകെ | 44,429 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1.ഡോ.ദീപാരാജ്.വി.ടി, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ, ജി.എ.ഡി. കതിരൂർ | ഇ.വി.ഹൗസ്, പിഒ-ബാവോട്, അഞ്ചരക്കണ്ടി, കണ്ണൂർ ജില്ല |
| 2.ശ്രീ. അനിൽകുമാർ പി. | സെക്രട്ടറി, മാലൂർ ഗ്രാമപഞ്ചായത്ത് | പടിക്കൽ ഹൗസ്, പി.ഒ. മാവിലായി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2008-09 | കെ.എസ്.എ/ കെ.എൻ.ആർ/ സി6/725/2019 തീയതി 11.06.2019 | 1 | |
| 2009-10 | കെ.എസ്.എ/ കെ.എൻ.ആർ/ സി6/725/2019 തീയതി 11.06.2019 | 5 | |
| 2010-11 | കെ.എസ്.എ/ കെ.എൻ.ആർ/ സി6/725/2019 തീയതി 11.06.2019 | 9 | |
| 2011-12,2012-13 | കെ.എസ്.എ/ കെ.എൻ.ആർ/ സി6/725/2019 തീയതി 11.06.2019 | 10 | |
| 2013-14,2014-15 | കെ.എസ്.എ/ കെ.എൻ.ആർ/ സി6/725/2019 തീയതി 11.06.2019 | 3 | |
| 2015-16 | കെ.എസ്.എ/ കെ.എൻ.ആർ/ സി2/956/2016 തീയതി 1.12.2016 | 14 | |
| 2016-17 | കെ.എസ്.എ/ കെ.എൻ.ആർ/ | 11 | |

| | | | | |
|---|---|---|---|---|
| | സി2/979/2016 തീയതി 3.7.2017 | | | |
| 2017-18 | കെ.എസ്.എ/ കെ.എൻ.ആർ/ സി6/1907/2018 തീയതി 20.12.2018 | 15 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.6/1566/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 01.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## **അനുബന്ധം-2-1 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്**

| Chembilode Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | Receipts | | |
| | Opening Balance | | |
| | Bank | RP-40(a) | 10275389.95 |
| | Cash | RP-40(a) | 167133.00 |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1805270.00 |
| 140000000 | Fees & User Charges | RP-4 | 1350305.00 |
| 150000000 | Sale & Hire Charges | RP-5 | 63248.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48328761.00 |
| 171000000 | Interest Earned | RP-9 | 551416.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11710105.00 |
| 350000000 | Other Liabilities | RP-36 | 1340884.00 |
| Non operating | | | |
| 180000000 | Other Income | RP-10 | 2.00 |
| 311000000 | Earmarked Funds | RP-29 | 21319.00 |
| 340000000 | Deposits Received | RP-34 | 230043.00 |
| 350000000 | Other Liabilities | RP-36 | 674566.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 19417483.00 |
| 460000000 | Loans,Advances and Deposits | RP-47 | 18000.00 |
| Grand Total | | | 95953924.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3779497.00 |
| 220000000 | Administrative Expenses | RP-12 | 2646219.00 |
| 230000000 | Operations & Maintenance | RP-13 | 2484457.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7940050.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23951853.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1312172.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1468889.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 463440.00 |
| 255000000 | Maintance Projects | RP-20 | 3822985.00 |
| 280000000 | Prior Perid Items | RP-26 | 30510.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 748360.00 |
| 350000000 | Othes Liabilities | RP-36 | 4950519.00 |
| | Non Operating | | |
| 240000000 | Interest and Finance Charges | RP-14 | 41898.00 |
| 280000000 | Prior Period Item | RP-26 | -21556.00 |
| 311000000 | Earmarked Fund | RP-29 | 9000.00 |
| 340000000 | Deposits Received | RP-34 | 191485.00 |
| 350000000 | Other Liabilities | RP-36 | 2696863.00 |
| 410000000 | Fixed Assets | RP-38 | 4389276.00 |
| 412000000 | Capital work in Progress | RP-40 | 7756294.00 |
| 420000000 | Investments | RP-41 | 500000.00 |
| 460000000 | Loans, Advances and Deposits | RP-47 | 263170 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26526760.95 |
| Cash | Cash | RP-40(b) | 1783.00 |
| | Grand Total | | 95953924.95 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Chembilode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7610477.00 |
| 130000000 | Rental Income from panchayat properties | I-3 | 1483680.00 |
| 140000000 | Fees & User Charges | I-4(b) | 2070044.00 |
| 150000000 | Sale & Hire Charges | I-5(b) | 75698.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 134745871.00 |
| 171000000 | Interest Earned | I-8 | 551416.00 |
| 180000000 | Other Income | I-9 | 2.00 |
| A | Total Income | | 146537188.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10847957.00 |
| 220000000 | Administrative Expenses | I-11(b) | 2647575.00 |
| 230000000 | Operations & Maintenance | I-12(b) | 2496793.00 |
| 240000000 | Interest & Finance Charges | I-13 | 41898.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 10531699.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34591284.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2281404.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1468889.00 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 61619840.00 |
| 255000000 | Maintance Projects | I-14(e) | 4108104.00 |
| 270000000 | Provisions and Write off | I-16 | 3854.00 |
| 272000000 | Depreciation | I-17(a) | 7630487.00 |
| B | Total Expenditure | | 138269784.00 |
| C=A-B | Gross Surplus/ Deficit of income over Expenditure | | 8267404.00 |
| D= 280000000 | Prior Period Item | I-18 | 719092.00 |
| E=C-D | Gross Surplus/Defict of Income over Expenditure after prior Period items. | | 7548312.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Chembilode Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -4140542.90 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 49399.00 |
| 312000000 | Reserves | B-3 | 63806555.00 |
| | Total Reserve & Surplus | | 59715411.1 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3693826.00 |
| | Total Grants,Contribution for specific purposes | | 3693826.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 3483497.00 |
| 350000000 | Other Liabilities | B-9 | 2984918.85 |
| | Total Current Liabilities and Provisions | | 6468415.85 |
| | TOTAL LIABILITIES | | 69877652.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 99435090.00 |
| 411000000 | Accumulated Depreciation | B-11 | -58141140.00 |
| 412000000 | Capital Work In Progress | B-11(a) | 44959.00 |
| | Total Fixed Assets | | 41338909.00 |
| | Investments | | |
| 420000000 | Investments | B-12 | 530000.00 |
| | Total Investments | | 530000.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank balance | B-17 | 26528543.95 |
| 460000000 | Loans, Advances and Deposits | B-18 | 1480200.00 |
| | Total Current Assets,Loans and Advances | | 28008743.95 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 69877652.95 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.